"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ശ്രീമതി. ലീല വിനോദിനിയുടെ കുടുംബ പെൻഷൻ ടിയാരിയുടെ മാതാവ് ശ്രീമതി. സരോജിനി. എ യ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.2648/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/12/2021

---

പരാമർശം:- 1. ശ്രീമതി. സരോജിനി. എ സമർപ്പിച്ച അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 10.02.202, 14.09.2021 തീയതികളിലെ PAN/ 1975/2021-H2(DP) നം. കത്തുകൾ

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീമതി. ലീല വിനോദിനിയുടെ കുടുംബ പെൻഷൻ. ടിയാരിയുടെ മകൾ ശ്രീമതി. രമ്യ കെ.സി വിവാഹിതയായതിനാൽ ടിയാരിയുടെ മാതാവ ശ്രീമതി. സരോജിനി. എ യ്ക്ക് അനുവദിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. ശ്രീമതി. ലീല വിനോദിനിയുടെ അവകാശികൾക്ക് ആശ്രിത നിയമന പദ്ധതിപ്രകാരം ജോലി ലഭിച്ചിട്ടില്ലെന്നും ടിയാരിയുടെ ഭർത്താവ് /പിതാവ് ജീവിച്ചിരിപ്പില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും രേഖകൾ ഹാജരാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിലിരിക്കെ 07.10.2018 ൽ മരണമടഞ്ഞ ശ്രീമതി. ലീല വിനോദിനിയുടെ കുടുംബ പെൻഷൻ ടിയാരിയുടെ മാതാവ് ശ്രീമതി. സരോജിനി. എ യ്ക്ക് അനുവദിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി. ലീല വിനോദിനിയുടെ കുടുംബ പെൻഷൻ, ആശ്രിതർക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നത് വരെ, 08.10.2018 തീയതി പ്രാബല്യത്തിൽ മാതാവ് ശ്രീമതി. സരോജിനി. എ യ്ക്ക് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. സരോജിനി. എ, വെങ്ങാരംകോട് ഹൗസ്, പുളിനെല്ലി, പി.ഒ, കോട്ടായി, പാലക്കാട്- 678572

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം (ശ്രീമതി. ലീല വിനോദിനിയുടെ സേവനപുസ്തകം ശ്രീമതി. സരോജിനി സമർപ്പിച്ച അനുബന്ധ രേഖകൾ സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യ വകുപ്പ് (WW-WW1/28/2021-FIN തീയതി 14.12.2021 പ്രകാരം)

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/14/2021-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ